**പതിമൂന്നാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1215** **08.02.2013-ലെ മറുപടിക്ക്**

**ഭൂരഹിതർക്കവിതരണം ചെയ്യുന്നതിനുള്ള മിച്ചഭൂമി**

**ചോദ്യം**

**ശ്രീ.ഇ.പി.ജയരാജൻ**

**മറുപടി**

**ശ്രീ.അടൂർപ്രകാശ്**

**(റവന്യൂവും കയറും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്താകെ ഭൂരഹിതരായവർക്ക വിതരണം ചെയ്യുന്നതിനായി എത്ര മിച്ച ഭൂമിയുണ്ടെന്നുള്ളതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; | (എ) | വിശദവിവരങ്ങൾ അനുബന്ധം 'എ' യിൽ കാണാവുന്നതാണ്. |
| ബി) | ഗവൺമെന്റ് മിച്ചഭൂമിയായി പ്രഖ്യാപിച്ചിട്ടും ഭൂമി വിട്ടുതരാതെ കൈവശം വച്ച് അനുഭവിക്കുന്ന ഭൂവുടമകളെ സംബന്ധിച്ച് ഗവൺമെന്റിന്റെ പക്കൽ ലഭ്യമായ വിവരങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) | മിച്ചഭൂമിയായി പ്രഖ്യാപിച്ച ശേഷം കോടതി മുൻപാകെ റിവിഷൻ ഹർജി ഫയൽ ചെയ്തു സ്റ്റേ സമ്പാദിച്ച കേസുകളിലും, കോടതി താലൂക്ക് ലാൻഡ് ബോർഡ്കളിലേക്ക് റിമാന്റ് ചെയ്ത കേസുകളിലും ഇവ തീർപ്പാക്കാത്തിടത്തോളം കാലം പ്രസ്തുത ഭൂമി ഉടമ കൈവശം വച്ച് പോരുന്നതാണ്. |
| (സി) | പ്രസ്തുത ഭൂമി ഏറ്റെടുക്കുവാൻ ഗവൺമെന്റ് കൈക്കൊണ്ടുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (സി) | കോടതി ഉത്തരവാകുന്ന മുറയ്ക്കും, താലൂക്ക് ലാൻഡ് ബോർഡ് തീരുമാനം എടുക്കുന്നതിനനുസരിച്ചും മിച്ചഭൂമി ഏറ്റെടുക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം 'എ'

| ക്രമ നം . | ജില്ല | വിതരണത്തിനു മാറ്റി വച്ചിരിക്കുന്ന മിച്ചഭൂമി (ഹെക്ടർ) |
|---|---|---|
| 1 | തിരുവനന്തപുരം | 14.76 |
| 2 | കൊല്ലം | 2.97 |
| 3 | ആലപ്പുഴ | 0.39 |
| 4 | കോട്ടയം | 21.56 |
| 5 | ഇടുക്കി | 75.03 |
| 6 | പത്തനംതിട്ട | 0.29 |
| 7 | എറണാകുളം | 41.64 |
| 8 | തൃശ്ശൂർ | 21.05 |
| 9 | പാലക്കാട് | 33.10 |
| 10 | മലപ്പുറം | 8.44 |
| 11 | കോഴിക്കോട് | 11.66 |
| 12 | കണ്ണൂർ | 325.01 |
| 13 | വയനാട് | 11.54 |
| 14 | കാസർകോട് | 32.22 |
| | **ആകെ** | **599.66** |

**കുറിപ്പ് :-** വിതരണതിനായി മാറ്റി വച്ചിട്ടുള്ള മിച്ച ഭൂമിയിൽ വാസയോഗ്യമല്ലാത്ത വെള്ളക്കെട്ട് പ്രദേശം, പാറ പ്രദേശം, കുന്നിൻ പ്രദേശം , സ്വകാര്യ ഭൂമിയിലൂടെ മാത്രം പ്രവേശന മാർഗമുള്ള മിച്ചഭൂമി, തോടുകൾ, ചതുപ്പ് പ്രദേശങ്ങൾ എന്നിവയും ഉൾപ്പെട്ടു വരുന്നതാണ്.